9. എടക്കാട് കണ്ണൂർ സിറ്റി

10. അഴിക്കോട്

11. അഴിക്കോട് - പുതിയങ്ങാടി

12. കണ്ണൂർ ഉൾനാടൻ

13. മാടായി വനിത

14. പുതിയങ്ങാടി

15. പാലക്കോട് - കവ്വായി

16. പാലക്കോട് കടപ്പുറം

17. കരിവെള്ളൂർ ഉൾനാടൻ

ശ്രീമതി ക്ലാരയ്ക്കെതിരെയുള്ള റിക്കവറി നടപടി

201 (4825) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളിയുടെ ആശ്രിതയും അംഗവൈകല്യമുള്ളതും അവിവാഹിതയുമായ ആലപ്പുഴ ജില്ലയിൽ നൂറനാട് പടനിലം, കിടങ്ങയം കരയിൽ ശ്രീമതി ക്ലാര ആലപ്പുഴ ജില്ലാ വനിതാ വികസന കോർപ്പറേഷനിൽ നിന്നും എടുത്ത ലോൺ കുടിശ്ശികയായത് റിക്കവറി നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിനും ഇവർക്ക് സമാശ്വാസം നൽകുന്നതിനും എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ ക്ലമന്റിന്റെ പേർക്കുള്ള റവന്യൂ റിക്കവറി

202 (4826) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പിന്നോക്ക വിഭാഗ കോർപ്പറേഷനിൽ നിന്നും ലോണെടുത്ത ഉൾനാടൻ മത്സ്യത്തൊഴിലാളിയായ നൂറനാട്, പടനിലം നിർമ്മലാലയത്തിൽ ശ്രീ ക്ലമന്റിന്റെ പേർക്കുള്ള കുടിശ്ശിക റവന്യൂ റിക്കവറി ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് തടയുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടും ഇത്തരത്തിൽ റവന്യൂ റിക്കവറി നടത്തുന്നത് തടയുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. ശ്രീ. ക്ലമന്റ് സമർപ്പിച്ച 314/163 നമ്പർ അപേക്ഷ പ്രകാരം പശു വളർത്തലിനാണ് കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷനിൽനിന്നും ടിയാൻ വായ്പ എടുത്തിട്ടുളളത്. ടി വായ്പ മോറട്ടോറിയം ഉത്തരവിന്റെ പരിധിയിൽപ്പെടുന്നതല്ല. 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം ഒരു മത്സ്യത്തൊഴിലാളി തന്റെ വരുമാന വർദ്ധനവിനായി മത്സ്യബന്ധന പ്രവർത്തനങ്ങൾക്കൊഴികെ വാണിജ്യ ആവശ്യങ്ങൾക്കോ ആഡംബര ആവശ്യങ്ങൾക്കോ എടുക്കുന്ന വായ്പകൾ 'കടം' എന്ന പദത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുകയില്ല.

(ബി) മോറട്ടോറിയം ഉത്തരവിൽ പറയുന്ന വായ്പകളുമായി ബന്ധപ്പെട്ട കടങ്ങളിന്മേൽ വായ്പ നൽകിയ സ്ഥാപനങ്ങൾ റിക്കവറി നടപടികൾ സ്വീകരിക്കാതിരിക്കുവാൻ മോറട്ടോറിയം ഉത്തരവിന്റെ പകർപ്പ് സഹകരണ സംഘം രജിസ്ട്രാർ/ബാങ്കുകൾ എന്നിവർക്ക് നൽകിയിട്ടുണ്ട്.

ഹോസ്ദുർഗ് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

203 (4827) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്ദുർഗ് മണ്ഡലത്തിൽ മത്സ്യഫെഡിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇവിടെ നടപ്പിലാക്കിയ പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹോസ്ദുർഗ് മണ്ഡലത്തിൽ മത്സ്യഫെഡ് വഴി 136.79 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും വിലയിരുത്താറുണ്ട്.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം

204 (4828) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് എത്ര

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly